C6/3275/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 27.11.2020

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനകാര്യം - സർക്കാർ കോളേജുകൾ - ഐ എം ജി - പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽ പെട്ട സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന് വേണ്ടിയുള്ള പരിശീലനത്തിന് നാമനിർദേശം ക്ഷണിക്കുന്നത് സംബന്ധിച്ച്

സൂചന :- 13.11.2020 ലെ തിരുവനന്തപുരം ഐ എം ജിഡയറക്ടറുടെ 3202/ പി 2 / 2020/ ഐ എം ജി നമ്പർ കത്ത്

**********

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന് പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക ഓൺ ലൈൻ പരിശീലനം 2021 ജനുവരി ആദ്യ വാരം നടത്തുന്നതാണെന്നു ഐ എം ജി ഡയറക്ടർ അറിയിച്ചിരിക്കുകയാണ് . മേൽ സാഹചര്യത്തിൽ ഈ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും അടുത്ത ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന് വേണ്ടി പി.എസ്.സി യിൽ അപേക്ഷ സമർപ്പിക്കുന്നതും , എല്ലാ പേപ്പറുകളും എഴുതേണ്ടവരുമായ ക്ലാസ്സ് 2, ക്ലാസ്സ് 3 വിഭാഗത്തിലുള്ള പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ 15/12/2020 നു മുൻപായി ബന്ധപ്പെട്ട ഐ .എം.ജി ഓഫീസുകളിൽ നേരിട്ട് അയച്ചു കൊടുക്കേണ്ടതാണ്.

| പേര് ,തസ്തിക | ജോലി ചെയ്യുന്ന സ്ഥാപനം | ഫോൺ നമ്പർ / whattsap No / ഇമെയിൽ.ഐഡി |
|---|---|---|
| | | |
| | | |
| | | |

നാമനിർദേശം ചെയ്യുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും മുൻപ് ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടില്ല എന്നും ഡിപ്പാർട്ട്മെന്റൽ പരീക്ഷ ഭാഗികമായി വിജയിച്ചിട്ടില്ല എന്നും പരിശീലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തു കൊള്ളാമെന്നുമുള്ള ഒരു സാക്ഷ്യപത്രം വാങ്ങി പ്രൊഫോർമയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ് .

Approval Valid

Digitally Approved By
മണി വി.സി
Date 27.11.2020

ഒപ്പ്/-
മണി വി.സി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

Reaso[redacted]pproved

C

www.img.kerala.gov.in
e-mail:imgtvpm@gmail.com
ടെലിഫോൺ: 0471 - 2304229
ഫാക്സ്: 0471-2302391

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ്

(കേരള സർക്കാരിന്റെ സ്വയംഭരണ സ്ഥാപനം)

23/11/20

വികാസ് ഭവൻ പി.ഓ
തിരുവനന്തപുരം - 695 033

നംപർ. 3202/പി2/2020/ഐ.എം.ജി.                    13.11.2020

ഡയറക്ടർ
കൊളിജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പ്
വികാസ് ഭവൻ പി.ഓ
തിരുവനന്തപുരം

സർ,

വിഷയം: ഐ.എം.ജി. - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിനു വേണ്ടിയുള്ള പ്രത്യേക ഓൺലൈൻ പരിശീലനം- നാമനിർദ്ദേശം സംബന്ധിച്ച് -

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിന് പ്രാപ്തരാക്കുന്നതിനു വേണ്ടി ഐ.എം.ജി. പ്രത്യേക ഓൺലൈൻ പരിശീലനം നടത്തുവാൻ തിരുമാനിച്ചിരിക്കുന്നു. ഓൺലൈൻ പരിശീലനം 2021 ജനുവരി മാസം ആദ്യവാരം ആരംഭിക്കുന്നതാണ്.

അടുത്ത ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിനു വേണ്ടി പി.എസ്.സി.യിൽ അപേക്ഷ സമർപ്പിക്കുന്ന ക്ലാസ് 2, ക്ലാസ് 3 വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരെ മാത്രമെ പരിശീലനത്തിൽ ഉൾപ്പെടുത്തുകയുള്ളു. ഈ അറിയിപ്പ് താങ്കളുടെ വകുപ്പിലെ അർഹരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥർക്കും നൽകുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും, ഡിപ്പാർട്ടുമെൻറൽ പരിക്ഷയിൽ എല്ലാ പേപ്പറുകളും എഴുതേണ്ടവരായ ഉദ്യോഗസ്ഥരെ മാത്രം ഓൺലൈൻ പരിശീലന പരിപാടിയിലേയ്ക്ക് നാമ നിർദ്ദേശം ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു. *മുൻപ് ഈ പരിശീലനം ലഭിച്ചവരെയും ഏതെങ്കിലും പ്രത്യേക വിഷയങ്ങൾ മാത്രം എഴുതുന്നവരെയും വീണ്ടും നാമനിർദ്ദേശം ചെയ്യേണ്ടതില്ല.* അപേക്ഷയോടൊപ്പം മുൻപ് ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടില്ല എന്നും ഡിപ്പാർട്ടുമെൻറൽ പരിക്ഷ ഭാഗികമായി വിജയിച്ചിട്ടില്ല എന്നും പരിശീലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തുകൊള്ളാമെന്നുമുള്ള ഒരു സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്.

......2

നാമനിർദ്ദേശം ഡയറക്ടർ, ഐ.എം.ജി. വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം - 695 033 എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

പരിശീലനത്തിന് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഓദ്യോഗിക മേൽ വിലാസവും, whattsap No. email.id എന്നിവ നാമനിർദ്ദേശത്തോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ശ്രീ.കെ.കെ.രാജഗോപാലൻ നായർ, അസോസിയേറ്റ് ഫെല്ലോ & കോഴ്സ് ഡയറക്ടർ (Phone - 9074825944/9074286701), സെക്ഷൻ ഓഫീസർ, പരിശീലന വിഭാഗം (ഫോൺ - 0471 - 2304229 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.**

പ്രത്യേക ശ്രദ്ധയ്ക്ക് :

1. നാമനിർദ്ദേശം 15.12.2020 ന് മുൻപ് ഐ.എം.ജി.ഹെഡ് ഓഫീസിൽ ലഭിക്കേണ്ടതാണ്.

2. **പേര് നിർദ്ദേശിക്കപ്പെടുന്നവരെ പരിശീലനത്തിന് തെരഞ്ഞെടുത്തതായി ഐ.എം.ജി.യിൽ നിന്നും അറിയിപ്പ് യഥാസമയം നൽകുന്നതാണ്.**

വിശ്വസ്തതയോടെ,

സെക്രട്ടറി